ജലവൈദ്യുതിയുടെ ഉൽപ്പാദനം

85 (1752) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജല വൈദ്യുതിയുടെ ഉൽപ്പാദനം മുൻവർഷം പ്രതിദിനം എത്ര മില്യൻ യൂണിറ്റായിരുന്നു ;

(ബി) ഈ വർഷം ജല വൈദ്യുതിയുടെ പ്രതിദിന ശരാശരി ഉൽപ്പാദനം മുൻവർഷത്തേക്കാൾ കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;.

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഒപ്പുവച്ചിട്ടുള്ള സ്വകാര്യ വൈദ്യുതി വാങ്ങാൻ കരാറുകൾ ഏതൊക്കെയാണെന്നും അവയിൽ താപ വൈദ്യുതിയും ജലവൈദ്യുതിയും ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും അളവും വിലയും എത്രവീതമാണെന്നും വ്യക്തമാക്കുമോ ;

(ഇ) ജലവൈദ്യുതിയുടെ ഉൽപ്പാദനം കുറയ്ക്കുകയും താപ വൈദ്യുതിയുടെ അളവ് കൂടുകയും ചെയ്യുന്നത് വൈദ്യുതിയുടെ വില വർദ്ധിക്കുന്നതിനും കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6/1998 മുതൽ 1/1999 വരെ ശരാശരി 20.5949 മില്യൻ യൂണിറ്റ്. 2/1999 മുതൽ 5/1999 വരെ ശരാശരി 18.5242 മില്യൻ യൂണിറ്റ്. 6/1999 മുതൽ 1/2000 വരെ ശരാശരി 20.3260 മില്യൻ യൂണിറ്റ്.

(ബി&സി) 2-3-2000-ൽ സംസ്ഥാനത്തെ ജലസംഭരണികളിൽ ഉള്ള ജലത്തിന്റെ ഉൽപ്പാദനശേഷി കഴിഞ്ഞവർഷം ഇതേ ദിവസത്തിൽ ഉണ്ടായിരുന്നതിനെക്കാൾ 403.86 മില്യൻ യൂണിറ്റ് കുറവാണ്. ആയതിനാൽ വരുംകാലത്തെ ഉൽപ്പാദനം ശരാശരി പ്രതിദിനം 16 മില്യൻ യൂണിറ്റ് ആയി നിജപ്പെടുത്തേണ്ട സാഹചര്യമാണുള്ളത്.

(ഡി) താപവൈദ്യുതി നിലയങ്ങൾ

(1) ബി. എസ്. ഇ. എസ്സ്. 157 മെഗാവാട്ട്. യൂണിറ്റൊന്നിന് ഏകദേശം ഫിക്സട് ചാർജ്ജ് 1 രൂപ 10 പൈസയും വേരിയബിൾ ചാർജ്ജും.

(2) കാസർഗോഡ് പവർ കോർപ്പറേഷൻ, കാസർഗോഡ് (20 മെഗാവാട്ട്) യൂണിറ്റൊന്നിന് ഏകദേശം ; ഫിക്സഡ് ചാർജ് 1 രൂപ 24 പൈസയും വേരിയബിൾ ചാർജ്ജും.

(3) ഡി.ഡി. പവർ ലിമി.കാസർഗോഡ് (107 മെഗാവാട്ട്) യൂണിറ്റൊന്നിന് ഫിക്സഡ് ചാർജ്ജ് 1 രൂപ 11 പൈസയും വേരിയബിൾ ചാർജ്ജും. ജലവൈദ്യുതിയുടെ സ്വകാര്യ വാങ്ങൽ കരാറുകൾ ഇതുവരെ ഒപ്പുവച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) ജലവൈദ്യുത പദ്ധതികൾക്ക് മുൻതൂക്കം നൽകികൊണ്ട് ഉൽപ്പാദനരംഗം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

പൂർത്തിയാകാത്ത ജലവൈദ്യുത പദ്ധതി

86 (1753) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ജലവൈദ്യുതി പദ്ധതികളാണ് ഇനിയും പൂർത്തിയാവാനുള്ളത് ;

(ബി) അവ പൂർത്തിയാകുമ്പോൾ എത്ര മെഗാവാട്ട് കറന്റ് കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

വൈദ്യുതിബോർഡിന്റെ പദ്ധതികൾ

കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി - 1 X 50 മെ.വാട്ട്.

കുറ്റ്യാടി ടെയിൽറേസ് പദ്ധതി - 3 X1.25 മെ.വാട്ട്.

മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി - 3 X 3.5 മെഗാവാട്ട്

അഴുത ഡൈവർഷൻ പദ്ധതി - 57 മില്യൻ യൂണിറ്റ്

വഴിക്കടവ് ഡൈവർഷൻ പദ്ധതി - 24 മില്യൻ യൂണിറ്റ്

കുറ്റിയാർ ഡൈവർഷൻ പദ്ധതി - 37 മില്യൻ യൂണിറ്റ്

വടക്കേപ്പുഴ ഡൈവർഷൻ പദ്ധതി - 12.3 മില്യൻ യൂണിറ്റ്

കുറ്റ്യാടി ഡൈവർഷൻ പദ്ധതി - 223

സ്വകാര്യമേഖലയിലെ പദ്ധതികൾ

ഉള്ളുങ്കൽ	- 7 മെഗാവാട്ട്
കുത്തുങ്കൽ	- 21 മെഗാവാട്ട്
കാരിക്കയം	- 15 മെഗാവാട്ട്
ഭൂതത്താൻകെട്ട്	- 16 മെഗാവാട്ട്

ജലവൈദ്യുതപദ്ധതികൾ

87 (1754) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly